# ചിരാത്

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

## LMLPS, ഉഴമലയ്ക്കൽ

# ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ 2017-2018 അക്കാദമിക വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിദ്യാഭ്യാസ രംഗത്ത് നിരവധി മാറ്റങ്ങൾ പ്രകടമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുന്നോട്ടുവച്ച ആശയങ്ങൾ എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ വികസിപ്പിക്കുക എന്നത്. ഇതിന്റെ തുടർച്ചയായി മുഴുവൻ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കുകയുണ്ടായി. ഒരു വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്രവികാസവും ഉറപ്പാക്കുന്നതിന് അക്കാദമിക ആസൂത്രണം വിവിധ തലങ്ങളിൽ നടക്കേണ്ടതുണ്ട്. സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ ഒരു പൊതുവായ ചട്ടക്കൂടാണ്. ഇത് വിദ്യാലയത്തിന്റെ കാഴ്ചപ്പാടും അക്കാദമിക ലക്ഷ്യങ്ങളും വിഭവ വിനിയോഗവും പ്രവർത്തന പരിപാടികളും ഉൾക്കൊള്ളുന്നു. എന്നാൽ ഈ ലക്ഷ്യങ്ങൾ ഓരോ ക്ലാസ് മുറിയിലും ഓരോ കുട്ടിയുടെയും തലത്തിൽ പ്രാവർത്തികമാക്കേണ്ടതുണ്ട്. അതിനാൽ ആണ് ക്ലാസ്തല മാസ്റ്റർ പ്ലാനുകൾക്കും വ്യക്തിഗത മാസ്റ്റർ പ്ലാനുകൾക്കും അതിയായ പ്രാധാന്യമുള്ളത്.

# അക്കാദമിക മാസ്റ്റർ പ്ലാൻ എന്ത്? എന്തിന്?

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ പ്രധാനമായ ലക്ഷ്യം ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഇതിന്റെ ഭാഗമായി പൊതുവായി കുട്ടികളുടെ സമഗ്ര വികസനത്തിനനുഗുണമായ പ്രവർത്തനങ്ങളോടൊപ്പം ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരവും ഏറ്റവും മികവാർന്ന തലത്തിലേക്ക് വികസിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ അക്കാദമികമായി എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായ ആസൂത്രണം ആവശ്യമാണ്. അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് അഭികാമ്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ. ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർ പ്ലാൻ ഓരോ സ്ഥാപനത്തിന്റെയും അക്കാദമിക ആസൂത്രണത്തിനും സ്വയം സജ്ജമാകലിനും സഹായകമായ അക്കാദമിക ചട്ടക്കൂടാണ്.

# ക്ലാസ്‌തല മാസ്റ്റർ പ്ലാൻ

ഓരോ ക്ലാസിലെയും കുട്ടികളുടെ പൊതുവായ പഠനാവശ്യങ്ങളും വിഷയങ്ങളിലെ പഠനലക്ഷ്യങ്ങളും അടിസ്ഥാനമാക്കി തയാറാക്കുന്ന ആസൂത്രണമാണിത്. ഇത് അധ്യാപകർക്ക് ക്ലാസ് മുറിയിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനുള്ള വഴികാട്ടിയാണ്.

# വ്യക്തിഗത മാസ്റ്റർ പ്ലാൻ

ഓരോ കുട്ടിയുടെയും സവിശേഷമായ പഠനശേഷികൾ, താല്പര്യങ്ങൾ, വെല്ലുവിളികൾ എന്നിവ തിരിച്ചറിഞ്ഞ് അവർക്കാവശ്യമായ പ്രോത്സാഹനവും പഠനപിന്തുണയും അവസരങ്ങളും ഒരുക്കുന്നതിനുള്ള സൂക്ഷ്മതല ആസൂത്രണമാണിത്. ഇത് ഓരോ കുട്ടിയെയും അവരുടെ പരമാവധി കഴിവുകളിലേയ്ക്ക് എത്തിക്കാൻ സഹായിക്കുന്നു.

ഓരോ കുട്ടിക്കും നൽകേണ്ട സവിശേഷ ശ്രദ്ധയും പിന്തുണയും കുട്ടിക്ക് ടീച്ചർ എങ്ങനെ മെന്റർ ആയി വർത്തിക്കണമെന്നും വ്യക്തിഗത മാസ്റ്റർ പ്ലാനിൽ നിന്നും മനസിലാക്കാൻ കഴിയണം.

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

5. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ / കോർണർ പി.ടി.എകൾ എന്നിവ ചേരും.

8. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾ അനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജിയുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

9. 'വിദ്യാലയ ഒരു പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവുനിർമാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

11. ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.

12. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ്

മാനേജ്മെന്റ് മലിനജല നിർമ്മാർജ്ജനം തുട-
ങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13. ഹരിതസേന രൂപീകരിക്കൽ

14. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ
മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർ-
ത്ഥി സംഘങ്ങൾ രൂപീകരിക്കൽ.

15. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

16. ലഘു വ്യായാമങ്ങൾ / സുംബ ഡിസ്‌പ്ലേ ഉൾപ്പെടുന്ന
കായിക പരിശീലന പ്രവർത്തനങ്ങൾ കുട്ടികൾ-
ക്ക് നൽകുക.

17. തുടർച്ചയായ യോഗപരിശീലനത്തിലൂടെ വി-
ദ്യാർത്ഥികളിൽ ശാരീരികവും മാനസികവു-
മായ ആരോഗ്യത്തിനും പ്രതിരോധശേഷി
വർദ്ധിപ്പിക്കുന്നതിനും വ്യക്തിയുടെ പെരുമാ-
റ്റത്തിലും ചിന്താരീതിയിലും നിലപാടിലും
മാറ്റം വരുത്തുവാൻ സാധിക്കും.

# ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പു വരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക
4. സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. മികച്ച വായനശീലം വളർത്തുക
6. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
7. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
8. പത്രവായന പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ആഴ്ചപതിപ്പുകളും മാസികകളും വായിക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കുക.

# Easy English

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. സ്വതന്ത്ര വായനയ്ക്കും ലേഖനത്തിനും സജ്ജരാക്കുക.
3. ഇംഗ്ലീഷിലുള്ള വിവിധ ഭാഷാ വ്യവഹാരങ്ങൾക്ക് അവസരം ഒരുക്കുക.
4. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക
5. ഇംഗ്ലീഷ് പുസ്തകങ്ങൾ, മാഗസിനുകൾ, പത്രം, വായനകാർഡ് എന്നിവ ഉൾപ്പെടുത്തി ക്ലാസ്തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവ സജ്ജീകരിക്കാം.
6. ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുക.
7. ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുക.
8. പഠനോത്സവത്തിൽ ഇംഗ്ലീഷ് കോർണർ സജ്ജീകരിച്ചുകൊണ്ട് ഇംഗ്ലീഷിന് പ്രാധാന്യം നൽകുക.

# ഗണിതം ലളിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാം കുട്ടികൾക്കും ഉറപ്പാക്കുക.
2. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക.
4. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക
5. ഗണിത ചിന്ത, യുക്തി ചിന്ത, വിശകലന ശേഷി, മനഗണിതം എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

# പരിസപഠനം

## ചുറ്റുപാടിനെ അറിയാം

1. ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക
4. ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുക.
5. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.
7. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
8. ദിനാചരണങ്ങൾ, ബോധവത്കരണ പരിപാടികൾ ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുക
9. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക
10. ജൈവ വൈവിധ്യ ഉദ്യാനം നിർമിച്ച് സ്കൂൾ ക്യാമ്പസിനെ ഹരിതാഭമാക്കുക

# ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. കുട്ടികൾക്ക് സ്വാതന്ത്ര്യമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക
2. അറിവ് നിർമാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക
3. വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
4. വിവരസാങ്കേതിക വിദ്യയിൽ ഊന്നിയുള്ള പഠനം പ്രോത്സാഹിപ്പിക്കുക

## പ്രവൃത്തി പരിചയം

1. നിർമാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളും പ്രയോജനകരമായ ഉല്പന്നങ്ങളും ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക
3. ഗാന്ധിദർശന്റെ ആഭിമുഖ്യത്തിൽ സോപ്പ്, ലോഷൻ എന്നിവ നിർമിക്കുക .

# കലാപരിശീലനം

1. കുട്ടികളിലെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
2. കുട്ടികളിലെ കലാഭിരുചി വളർത്തുക
3. ഓരോ കുട്ടിയുടെയും സമഗ്ര ഗുണ മേന്മാ വികസനത്തിന് അവസരം ഒരുക്കുക.
4. ശില്പശാലകൾ സംഘടിപ്പിച്ചുകൊണ്ട് പാട്ടരങ്ങ്, കവിതാലാപനം, രചന വൈഭവം എന്നിവ പ്രോത്സാഹിപ്പിക്കുക.

# ആരോഗ്യ കായികം

1. എല്ലാ കുട്ടികൾക്കും കായിക ആരോഗ്യ ക്ഷമത ഉറപ്പാക്കുക
2. ആരോഗ്യ ശീലങ്ങൾ വളർത്തുക.
3. ശുചിത്വ ശീലം വളർത്തുക
4. മനസിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ലക്ഷ്യം കൈവരിക്കുന്നതിനും പ്രാപ്തരാക്കുക.
5. ലഘു വ്യായാമങ്ങൾ / സുംബ ഡിസ്പ്ലേ ഉൾപ്പെടുന്ന കായിക പരിശീലന പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകുക.
6. തുടർച്ചയായ യോഗപരിശീലനത്തിലൂടെ വിദ്യാർത്ഥികളിൽ ശാരീരികവും മാനസികവുമായ ആരോഗ്യത്തിനും പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും വ്യക്തിയുടെ പെരുമാറ്റത്തിലും ചിന്താരീതിയിലും നിലപാടിലും മാറ്റം വരുത്തുവാൻ സാധിക്കും.

# STD I

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകൾ ലക്ഷ്യമിട്ടുകൊണ്ട് രൂപകല്പന ചെയ്തതാണ്- ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ. ഭാഷയിലെയും ഗണിതത്തിലെയും വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തന ഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഏറ്റെടുക്കുന്നു. ഈ അധ്യയനവർഷത്തിൽ ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതകളുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തുന്നതിന് സാധ്യത ഒരുക്കിക്കൊണ്ടാണ് ഒന്നാം ക്ലാസിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കിയിരിക്കുന്നത്.

# പ്രവർത്തന ലക്ഷ്യങ്ങൾ   മലയാളം

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പ് വരുത്തുക.
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരമൊരുക്കുന്നു.
* പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ട് കൊണ്ട് സചിത്ര പുസ്തകം തയാറാക്കുന്നു.
* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക. | സചിത്ര നോട്ട് ബുക്ക്, അക്കാദമിക മാസ്റ്റർ പ്ലാൻ, സംയുക്ത ഡയറി എന്നീ ആശയങ്ങൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.<br>അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം<br>ചിത്ര കാർഡുകൾ, വായന കാർഡുകൾ, നിർമാണ ശില്പശാല - ഒന്നൊരുക്കൽ<br>താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ | ജൂൺ | ക്ലാസ് ടീച്ചർ SRG | |

| | | | | |
|---|---|---|---|---|
| രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്ര പുസ്തകം തയാറാക്കുന്നു. | കുട്ടിയ്ക്ക് കഥപറയാൻ അവസരമൊരുക്കൽ ചിത്രവായനയ്ക്കും വാചികമായി പറയാനും അവസരമൊരുക്കൽ സംയുക്ത ഡയറി എഴുതാൻ സഹായമൊരുക്കൽ | ജൂലൈ | ക്ലാസ് ടീച്ചർ രക്ഷിതാവ് | |
| രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു. | രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു. | | | |
| രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ | റീഡേഴ്സ് തിയേറ്റർ, പാട്ടരങ്ങ് ഭാഷാവികസനത്തിന് അവസരമൊരുക്കുന്നു. ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്രവായന കാർഡുകൾ എന്നിവ തയാറാക്കുന്നു. അവതരിപ്പിക്കുന്നു | ആഗസ്റ്റ് | ക്ലാസ് ടീച്ചർ രക്ഷിതാവ് | |

| | | | | |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു. | ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു. സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരമൊരുക്കുന്നു. വ്യക്തിഗതമായ രചനകൾക്ക് അവസരമൊരുക്കുന്നു. | സെപ്തംബർ | ക്ലാസ് ടീച്ചർ രക്ഷിതാവ് | |
| സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുക. | വായനോത്സവം സംഘടിപ്പിക്കുന്നു. രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു. | ഒക്ടോബർ | ക്ലാസ് ടീച്ചർ രക്ഷിതാവ് | |
| എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക. | കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു. | നവംബർ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘു വാക്യങ്ങളിലെഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക. | താളാത്മകമായി കവിതകൾ ചൊല്ലാൻ പത്രവായനയ്ക്ക് അവസരമൊരുക്കൽ, സംയുക്ത ഡയറി എഴുത്ത് കൂടുതൽ ആക്കുന്നു. ദൈനം ദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു. | ഡിസംബർ ജനുവരി | ക്ലാസ്ടീച്ചർ രക്ഷിതാവ് PTA | |
| എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ള-വരുടെ സഹായം ഇല്ലാതെ ലഘു വാക്യങ്ങളിൽ പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പ് വരുത്തുക. | കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടിപ്പിക്കുന്നു. കുട്ടികൾ തയാറാക്കിയ കഥകൾ, കവിതകൾ, പുസ്തക രൂപത്തിലാക്കി പ്രകാശനം ചെയ്യുന്നു. ഓരോ കുട്ടിക്കും ഓരോ പതിപ്പ് നിർമിക്കുന്നു. | ഫെബ്രുവരി മാർച്ച് | ക്ലാസ്ടീച്ചർ രക്ഷിതാവ് PTA SSG SRG | |

# ഇംഗ്ലീഷ്

ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുന്നതോടൊപ്പം ഇംഗ്ലീഷിലുള്ള വിവിധ വ്യവഹാര രൂപങ്ങളിലൂടെ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം കുട്ടികളിലെത്തിക്കാൻ അക്കാദമിക മാസ്റ്റർ പ്ലാനിന് കഴിയും. ലോക ഭാഷയായ ഇംഗ്ലീഷിനെ കുട്ടികൾക്ക് തെല്ലും ഭയമെന്യേ ആശയ വിനിമയത്തിൽ ഏർപ്പെടാനുള്ള പ്രവർത്തനങ്ങൾ സജ്ജമാക്കാൻ അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യം വെക്കുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

* ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
* സ്വതന്ത്ര വായനയ്ക്കും ലേഖനത്തിനും സജ്ജരാക്കുക
* ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക
* ICT സാധ്യത ഉൾപ്പെടുത്തി ഇംഗ്ലീഷ് ഭാഷാ പഠനം എളുപ്പവും രസകരവും ആക്കുക
* Reading Cards, Magazine, English Books എന്നിവ ചേർത്ത് Reading Corner സജ്ജമാക്കുക.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| To listen speak read and write English without any mistakes | Pre-test, games, action song, conversation, skit use of ICT, reading writing, discription, Quiz | June<br>July<br>August | English Teacher<br>Assembly | |
| To develop skill, free skills in reading and writing | Book reading, Newspaper reading, Story reading Riddles, Conversation, word web, Collections | All Months | English Teacher<br>SRG<br>PTA | |
| To develop speak in english and participate various activities without fear. | Hello english, English fest, Padanolsavam | Febouary<br>March | English Teacher<br>SRG<br>PTA | |

# STD 2

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗ്ഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലകളിൽ ആർജ്ജിക്കുന്ന ശേഷി പരിഗണിച്ച് ക്ലാസ്തല മാസ്റ്റർ പ്ലാൻ തയാറാക്കേണ്ടതുണ്ട്. സമഗ്രഗുണമേന്മ വിദ്യാഭ്യാസത്തിലൂടെ കുട്ടികൾക്ക് ശേഷിവികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടാൻ കുട്ടിയെ പ്രാപ്തയാക്കാൻ മാസ്റ്റർ പ്ലാനിലൂടെ കഴിയും.

## മലയാളം

പ്രവർത്തനലക്ഷ്യങ്ങൾ

1. രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
2. രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
3. ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവു

ഉള്ളവരാക്കുക.

4. മൂന്നാം ടേമിൽ സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

5. ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു- വിവരണം, കഥ എന്നിവ തയാറാക്കുന്നു.

6. ഈണം, താളം, ആശയം എന്നിവ പരിഗണിച്ച് ~~കവിത~~ വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

7. പതിപ്പ് നിർമാണം

8. കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും കുട്ടിയ്ക്ക് പിന്തുണ ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ഓരോ കുട്ടിയ്ക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നു. | പ്രീടെസ്റ്റ് നടത്തുന്നു.<br>എല്ലാ തലത്തിലുമുള്ള കുട്ടികളെ കണ്ടെത്തുന്നു.<br>കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ മനസിലാക്കുന്നു.<br>CPTA നടത്തുന്നു.<br>കുട്ടിയ്ക്ക് പഠനപിന്തുണയ്ക്കുള്ള അവസരമുണ്ടാക്കുന്നു. | ജൂൺ | ക്ലാസ് ടീച്ചർ<br>PTA | |
| ആശയ ഗ്രഹണ വായന ഉറപ്പാക്കുന്നു. | ചിത്രകാർഡുകൾ നൽകൽ<br>ഭാഷണത്തിന് അവസരമൊരുക്കൽ<br>വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ ഒരുക്കൽ | ജൂൺ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| വ്യത്യസ്ത വ്യവഹാര രൂപങ്ങൾ തയാറാക്കാൻ കുട്ടികളെ കഴിവുള്ളവരാക്കുന്നു. | ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ, വീട്ടുലൈബ്രറി ഒരുക്കൽ, ചിത്രവായന രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ, വ്യത്യസ്തവ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു. | ജൂലൈ | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |
| ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയാറാക്കുന്നു. | വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങൾ ആക്കൽ സംഭാഷണം ഒരുക്കൽ, കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ | ആഗസ്റ്റ് സെപ്തംബർ | ക്ലാസ് ടീച്ചർ SRG, SSG | |
| ഈണം, താളം, ആശയം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. | പാട്ടരങ്ങ്, കവിതാപൂരണം, കവിതാലാപനം, അഭിനയ ഗാനം | ഒക്ടോബർ നവംബർ | ക്ലാസ് ടീച്ചർ SRG PTA | |

| | | | | |
|---|---|---|---|---|
| കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ | പുസ്തക വായന, കഥാകഥനം. കടങ്കഥ പയറ്റ്, മേനി പറച്ചിൽ വീട്ടുവായന, കൂട്ടുവായന നാട്ടുവായന, അമ്മവായന ഇവയെ പ്രോത്സാഹിപ്പിക്കൽ | ഡിസംബർ | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ SRG | |
| സ്വതന്ത്രമായി ലേഖനത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. | സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരമൊരുക്കൽ ലഘുവിവരണങ്ങൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ | ജനുവരി ഫെബ്രുവരി | ക്ലാസ് ടീച്ചർ SRG | |
| വ്യക്തിഗതമായ രചനയെ പ്രോത്സാഹിപ്പിക്കൽ | ഇല്ലൻ്റ് മാഗസിൻ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയാറാക്കൽ | മാർച്ച് | ക്ലാസ് ടീച്ചർ SRG PTA | 2000/- |

# ഗണിതം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമാ യി കുട്ടികൾക്ക് അനുഭവപ്പെടാൻ ഈ വർഷം സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയിലൂടെ ഗണിതാശയ ങ്ങൾ എളുപ്പത്തിൽ കുട്ടികളിൽ എത്തിക്കാൻ അക്കാ ദമിക മാസ്റ്റർ പ്ലാനിലൂടെ സഹായകമാകും. മൂന്ന് വർഷങ്ങളിലെ ഉല്ലാസഗണിതം പദ്ധതിയിലൂടെ കുട്ടികൾക്ക് രസകരമായി ഗണിതപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിഞ്ഞത് ഈ വർഷവും ലക്ഷ്യം വെക്കുന്നു. അതിനൊരു സഹായിയാകണം അക്കാദമിക മാസ്റ്റർ പ്ലാൻ.

## പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ ~~ക്കുക~~ 100 വരെയുള്ള സംഖ്യാബോധം, സംഖ്യാവ്യാഖ്യാനം, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നീ ശേഷി കൾ ഉറപ്പാക്കൽ
* പ്രക്രിയാ ബന്ധിതമായ പ്രവർത്തനങ്ങൾ ഏറ്റെടു ക്കൽ
* ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു എഴുതുന്നു.

* ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പാക്കുന്നു.
* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്ന വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തുന്നു.
* ഗണിത രൂപങ്ങളുടെ പ്രായോഗികമൂല്യം തിരിച്ചറിയുക.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| രണ്ടാം ക്ലാസിലെ കുട്ടികൾക്ക് 100 വരെയുള്ള സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം സങ്കലനം, വ്യവകലനം പ്രശ്നാപഗ്രഥനം എന്നീ ശേഷികൾ ഉറപ്പാക്കൽ | മുന്നൊരുക്ക പ്രവർത്തനം<br>1, 2, 3, 4 .......<br>1, 3, 5, 7 ....<br>2, 4, 6, 8 .... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ, ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ച തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു | ജൂൺ | ഗണിത ടീച്ചർ | |
| ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ<br>ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ | | | |

| | | | | |
|---|---|---|---|---|
| | ചേർത്ത് ആദ്യകൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ<br>പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ (5+5 =10 , 10+10 = 20) | ജൂലൈ | ഗണിത ടീച്ചർ | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പഠനോപകരണ ശില്പശാല പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമാണം പ്രദർശനം | ആവശ്യാനുസരണം | ഗണിത ടീച്ചർ SRG | |
| വിവിധ സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ | 99 നോട് 1 കൂട്ടിയാൽ 100<br>10 പത്തുകൾ ചേർന്നാൽ 100 ആകും<br>100 ഒന്നുകൾ ചേർന്നതാണ് 100 | ആഗസ്റ്റ് | ഗണിത ടീച്ചർ | |

| | | | | |
|---|---|---|---|---|
| സ്ഥാനവില തിരിച്ചറിയൽ, സംഖ്യ രൂപീകരിക്കൽ | കളിനോട്ടുകൾ, നാണയങ്ങൾ ഇവ ചേർത്ത് സംഖ്യ രൂപീകരിക്കൽ പ്രായോഗിക പ്രശ്ന പരിഹാരത്തിനായി കളിനോട്ട് ഉപയോഗിച്ച് പ്രശ്നം നിർദ്ധാരണം ചെയ്യൽ | സെപ്തംബർ | ഗണിത ടീച്ചർ | |
| സംഖ്യാബോധം തിരിച്ചറിയുന്നു, രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താൻ വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു. | സ്ഥാനവില പോക്കറ്റ്, അബാക്കസ്, ഉല്ലാസഗണിതം എന്നീ മെറ്റീരിയലുകൾ ഉപയോഗിച്ച് സങ്കലനക്രിയകളിൽ ഏർപ്പെടുന്നു. | ഒക്ടോബർ | ഗണിത ടീച്ചർ | |
| സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ | ഏണിയും പാമ്പും, ഡയസുകളി സങ്കലനം വ്യവകലനം കച്ചവടക്കളി | നവംബർ | ഗണിത ടീച്ചർ | |

| | | | | |
|---|---|---|---|---|
| വിലവിവരപട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്നനിർദ്ധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ | കച്ചവടക്കളി, ~~ചതുഷ്ക്രിയ~~ ഗണിതപ്പാട്ട്, മനഗണിതം ഗണിതാലാപനം നടത്തൽ ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ | ഡിസംബർ ജനുവരി | ഗണിത ടീച്ചർ | |
| ഗണിതശേഷികളുടെ പ്രകടനം ഗണിതച്ചുമർ ഒരുക്കൽ ഗണിതലാബ് | ഗണിതശേഷികളുടെ പ്രകടനം ഗണിതപഠനം സുതാര്യമാക്കൽ ഗണിതലാബ് ഉപയോഗപ്പെടുത്തൽ | ഫെബ്രുവരി മാർച്ച് | ഗണിത ടീച്ചർ SRG PTA | |

## ഇംഗ്ലീഷ്

ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാകുന്നതോടൊപ്പം ഇംഗ്ലീഷിലൂടെയുള്ള വിവിധ വ്യവഹാര രൂപങ്ങളിലൂടെ സമഗ്ര ഗുണമേന്മാ-വിദ്യാഭ്യാസം കുട്ടികളിലെത്തിക്കാൻ അക്കാദമിക മാസ്റ്റർ പ്ലാനിന് കഴിയും. ലോകഭാഷയായ ഇംഗ്ലീഷിനെ കുട്ടികൾക്ക് തെല്ലും ഭയമില്ലാതെ ആശയവിനിമയത്തിൽ ഏർപ്പെടാനുള്ള പ്രവർത്തനങ്ങൾ സജ്ജമാക്കാൻ അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യം വെക്കുന്നു.

## പ്രവർത്തനലക്ഷ്യങ്ങൾ

* ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
* സ്വതന്ത്ര വായനയ്ക്കും ലേഖനത്തിനും സജ്ജരാക്കുക.
* ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക.
* ICT സാധ്യത ഉൾപ്പെടുത്തി ഇംഗ്ലീഷ് ഭാഷാപഠനം എളുപ്പവും രസകരവും ആക്കുക.
* റീഡിംഗ് കാർഡ്സ്, മാഗസിൻ, ഇംഗ്ലീഷ് ബുക്കുകൾ എന്നിവ ചേർത്ത് Reading Corner സജ്ജമാക്കുക.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക ചെലവ് |
|---|---|---|---|---|
| To listen, speak read and write english without any mistakes | pre-test, games, action song, conversation, skit use of ICT, reading writing, discription Quiz | June July August | English Teacher Assembly | |
| To develop skill, free skills in reading and writing | Book reading, Newspaper reading, Story reading Riddles, Conversation, Word web, Collections | ~~Se~~ All Months | English Teacher SRG PTA | |
| To develop speak in English and participate various activities without fear. | Hello english, English fest Padanolsavam | ~~Febry.~~ February & March | English Teacher SRG PTA | |